(3) 1999-ലെ കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ നിധിബിൽ†

(ശ്രീ. സി.കെ. രാജേന്ദ്രൻ നോട്ടീസ് നൽകിയത്)
(ചർച്ച തുടർച്ച)

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, കേരള ആട്ടോമൊബൈൽ വർക്ക് ഷോപ്പ് ക്ഷേമനിധി ബിൽ രണ്ടാമത്തെ തവണയാണ് ഈ സഭയിൽ വരുന്നത്. സംസ്ഥാനത്തെ ആട്ടോമൊബൈൽ വർക്ക്ഷോപ്പുകളിലെ മെക്കാനിക്കൽ, പാച്ച് വർക്ക്, ഇലക്ട്രിക്കൽ, പെയിന്റിംഗ്, അപ്ഹോൾസ്റ്ററി, മെഷിനറി വർക്ക്, വെൽഡിംഗ്, ബോഡി ബിൽഡിംഗ് മുതലായ വിഭാഗങ്ങളിലും ഇലക്ട്രോ പ്ലേറ്റിംഗ്, ടയർ വർക്ക്, സർവ്വീസ് സ്റ്റേഷൻ തുടങ്ങിയ വിഭാഗങ്ങളിലുമായി ഏതാണ്ട് 38,000 സ്ഥാപനങ്ങളിലായി ഏകദേശം 6 ലക്ഷത്തോളം പേരാണ് ഈ തൊഴിൽ ചെയ്ത് ഉപജീവനം കഴിച്ചുവരുന്നത്. ഈ വിഭാഗം തൊഴിലാളികളുടെ ജീവിതത്തിൽ സുരക്ഷിതത്വം ഉണ്ടാക്കിക്കൊടുക്കുന്ന ഒരു നിയമ നിർമ്മാണം നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിലവിലില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, ഒരു വിഷയം, നമ്മുടെ പഴയ അസംബ്ലിയിൽ ഈ പോളിന്റെ സമയത്ത് ബെൽ തീർന്നാൽ വാതിൽ പൂട്ടാൻ ഒരു മാർഗ്ഗമുണ്ടായിരുന്നു. ഇവിടെയും കൊളുത്തിടാനുള്ള ഒരു മാർഗ്ഗം വേണം. എല്ലാ വാതിലിൽ കൂടിയും ഓടിവന്ന് കയറുന്ന ഏർപ്പാട് അവസാനിപ്പിക്കാമല്ലോ.

മി.സ്പീക്കർ : ഇവിടെയും കൊളുത്ത് ഉണ്ടെന്നാണ് എനിക്ക് തോന്നുന്നത്, ഇല്ലെങ്കിൽ ഏർപ്പാടാക്കാം.

ശ്രീ. സി.കെ. രാജേന്ദ്രൻ : മറ്റ് ആർട്ടിസാൻസ് വിഭാഗങ്ങളുമായി ബന്ധപ്പെട്ട് ഒരു ക്ഷേമനിധിയിലാണ് ഇവരെ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവരുന്ന തൊഴിലാളികളുടെ ജീവിതരീതിയും തൊഴിലും ഒക്കെ വ്യത്യസ്തമാണ്. ഇവരുടെ തൊഴിൽ വരുമാനമോ തൊഴിൽ ഉറപ്പോ മറ്റു പ്രത്യേകതകളോ ഒക്കെ പരിഗണിച്ചുകൊണ്ട് മറ്റേതെങ്കിലും ക്ഷേമപദ്ധതിയിൽ കൂട്ടിച്ചേർക്കാതെ പ്രത്യേകമായി ഇവർക്ക് ഒരു ക്ഷേമപദ്ധതി ഉണ്ടാക്കണം എന്നതാണ് എന്റെ ആവശ്യം. തൊഴിലില്ലായ്മ അതിരൂക്ഷമായ നമ്മുടെ സംസ്ഥാനത്ത് കിടപ്പാടം പണയപ്പെടുത്തിയും, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ബ്ലൈഡ് കമ്പനികളിൽ നിന്നും അമിതമായ പലിശയ്ക്ക് പണം കടം എടുത്തുമാണ് ഇവർ സ്ഥാപനങ്ങൾ തുടങ്ങുന്നത്. മറ്റു സ്ഥാപനങ്ങളിൽ ജോലി എടുത്തുവരുന്നവരും ലക്ഷക്കണക്കിനുണ്ട്. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവരും ഐ.ടി.ഐ., പോളിടെക്നിക് എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ പരിശീലനം ലഭിച്ചവരും ഇക്കൂട്ടത്തിലുണ്ട്. നല്ല വസ്ത്രം ധരിക്കാൻ കഴിയാതെ ഡീസലും ക്രൂഡ് ഓയിലും തുരുമ്പും എല്ലാം കലർന്ന ദ്രാവകം കയ്യിലായാൽ കഴുകിയാൽ പോകാത്ത അവസ്ഥയും ഭക്ഷണത്തിലൂടെ ഇവ അകത്തുപോയി മാരക രോഗത്തിന് അടിമയാകുന്നവരും കുറവല്ല. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടമരണങ്ങളും കുറവല്ല. ഈ പ്രത്യേകതകളാൽ ഇവർക്ക് മാത്രമായി ഒരു ക്ഷേമപദ്ധതി രൂപീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. ക്ഷേമനിധിയും പെൻഷനും ഈ ബോർഡിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരണം. കുറഞ്ഞ പലിശയ്ക്ക് കടം കിട്ടുന്നതിനുള്ള സംവിധാനം ഉണ്ടാകണം. എത്രയും വേഗം ഇത് നടപ്പിലാ

---

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പല സന്ദർഭങ്ങളിൽ ഈ സഭയിൽ തന്നെ ചർച്ചയ്ക്ക് വിധേയമായിട്ടുള്ളതാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചിട്ടുള്ള ഈ ബില്ലിൽ, ഈ പദ്ധതിയിൽ പരമ്പരാഗതമായും, അല്ലാതെയും തൊഴിൽ ചെയ്തുവരുന്നവരെയെല്ലാം ഇതിന്റെ പരിധിയിൽ കൊണ്ടുവരണം എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഈ ക്ഷേമപദ്ധതിയുടെ ആനുകൂല്യം ഈ തൊഴിലാളികളുടെ ആശ്രിതർക്കു കൂടി ലഭിക്കത്തക്ക വിധത്തിൽ ആയിരിക്കണം ഇത് രൂപപ്പെടുത്തേണ്ടത്. വീട് നിർമ്മാണം, രോഗത്തിന് ചികിത്സ ലഭിക്കാൻ, വിവാഹം, വിദ്യാഭ്യാസം എന്നിവയ്ക്ക് ഇവരുടെ കുടുംബാംഗങ്ങൾക്കും ഇതിന്റെ ആനുകൂല്യം ലഭിക്കത്തക്കവിധം ഉള്ളതായിരിക്കണം എന്നതാണ് ഞാൻ ഇതിൽ ചൂണ്ടിക്കാണിച്ചത്. എന്റെ ബില്ലിൽ പറയുന്നത് തൊഴിലാളികളുടെ അംശദായം 25 രൂപയും അതിന്റെ 50% സർക്കാരും ഈ നിധിയിൽ അടയ്ക്കണമെന്നാണ്. ഈ വിഭാഗത്തിന് മറ്റൊരാനുകൂല്യവും സർക്കാരിൽ നിന്ന് ലഭിക്കുന്നില്ല. അവർക്ക് ഒരു സേവന-വേതന വ്യവസ്ഥയും ഇന്ന് നിലവിലില്ല. അതുകൊണ്ട് തന്നെ ഇവർ ഈ നാടിന്റെ ഭാഗമാണെന്ന് അംഗീകരിക്കാൻ സർക്കാർ നൽകുന്ന ഈ ഗ്രാന്റ് എങ്കിലും അവർക്ക് ലഭിക്കുമ്പോൾ മാത്രമേ അവർക്ക് അത്തരം ഒരു വിശ്വാസത്തിലേക്ക് എത്താൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, ആട്ടോമൊബൈൽ വർക്ക്ഷോപ്പ്, എഞ്ചിനീയറിംഗ് ഷോപ്പ് എന്നിവിടങ്ങളിലുള്ള തൊഴിലാളികൾക്ക് നിലവിലുള്ള മിനിമം വേജസിന്റെ ഷെഡ്യൂൾ അനുസരിച്ച് ഇന്ന് മോട്ടോർ ആന്റ് എഞ്ചിനീയറിംഗിലാണ് അവരെ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആ കൂലി പോലും ഇന്ന് ഈ തൊഴിലാളികൾക്ക് കിട്ടുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ അവർക്കൊരു മിനിമം വേജസ് കൂടി കിട്ടാവുന്ന രീതിയിൽ ഈ നിയമത്തിൽ അതിനുള്ള ചില വകുപ്പുകൾ ഉൾക്കൊള്ളിക്കാമോ?

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : സർ, അത്തരത്തിലുള്ള നിയമത്തിന്റെയാതൊരു ആനുകൂല്യവും ലഭിക്കാത്ത നിരവധി തൊഴിലാളികളുണ്ട്. ആനുകൂല്യം ലഭിക്കുന്ന തൊഴിലാളികളും ഉണ്ട്. സ്വകാര്യ മേഖലയിൽ, അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന ഇവർക്ക് ഈ ബില്ലിന്റെ പരിധിയിൽ തന്നെ അത് കൊണ്ടുവരണമെന്നതാണ് ഞാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഈ ക്ഷേമനിധിയിൽ ഓരോ ജില്ലയിൽ നിന്നും, ഓരോ തൊഴിൽ എടുക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരും അതുപോലെതന്നെ ഉദ്യോഗസ്ഥൻമാരും അടങ്ങുന്ന ഒരു ബോർഡാണ് ഞാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആക്കണമെന്ന് ഈ ബില്ലിൽ സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ സർക്കാരിന്റെയും, മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തുകൊണ്ട് ഇവർക്ക് ഈ തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ സംവിധാനങ്ങളും ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഈ ദുരിതങ്ങൾ അനുഭവിക്കുന്ന തൊഴിലാളികൾക്ക് സർക്കാർ നടപടികളും ചിലപ്പോൾ പ്രതികൂലമായി ബാധിക്കാറുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും എന്ന് സൂചിപ്പിച്ചതുകൊണ്ട് ഈ ബിൽ ഗവൺമെന്റ് പരിഗണിച്ച് നടപ്പിലാക്കി. ഈ വിഭാഗത്തിലെ ഏതാണ്ട് 15 ലക്ഷത്തോളം കുടുംബങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമെന്ന നിലയിൽ ആവശ്യമായ നടപടി ഇതിൻമേൽ ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള)</u> : സർ, ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് ഒരു പ്രത്യേക ക്ഷേമനിധി ബിൽ നേരത്തെ ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടായിരുന്നു. പക്ഷേ 1996-97-ൽ ഒരു കണക്കു വന്നപ്പോൾ ബഹുമാനപ്പെട്ട മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഉന്നയിച്ചത് 6 ലക്ഷം തൊഴിലാളികൾ ഉണ്ടായിരിക്കും എന്നുള്ള താണ്. ഏറെക്കുറെ ആ കണക്കുകളോടൊക്കെ അനുബന്ധിച്ചുതന്നെ തൊഴി ലാളികൾ ഉണ്ടാകും എന്നാണ് ഗവൺമെന്റിന്റെ ധാരണ. പക്ഷെ ഡിപ്പാർട്ടു മെന്റിൽ നിന്ന് കണക്കുവന്നപ്പോൾ വളരെ കുറച്ചു തൊഴിലാളികളുടെ എണ്ണം മാത്രമാണ് ചൂണ്ടിക്കാണിച്ചത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിയനു കളുടെയൊക്കെ നിരന്തരമായ ആവശ്യം പരിഗണിച്ചും ഈ ആട്ടോമൊ ബൈൽ വർക്ക്ഷോപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് കണക്കിലെടുത്തും ആട്ടോമൊബൈൽ വർക്ക്ഷോപ്പ് രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഒരു ക്ഷേമ നിധി രൂപീകരിക്കുന്നതിനുള്ള ഒരു കരട് ബിൽ അടിയന്തിരമായി തയ്യാറാ ക്കാൻ ലേബർ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ കരടുബിൽ ലഭി ക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതായിരിക്കും. മേൽ വിവ രിച്ച കാരണങ്ങളാൽ ഈ ബില്ലിന് അനുമതി നൽകേണ്ടതില്ലെന്ന് അഭിപ്രായ പ്പെടുന്നു.

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : സർ, ഒരു കരട് ബിൽ ഗവൺമെന്റ് കൊണ്ടു വരുമെന്ന് ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിച്ച സാഹചര്യത്തിൽ ഗവൺമെന്റിനെയും ബഹുമാന്യനായ മന്ത്രിയേയും അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ പ്രമേയം പിൻവലിക്കുകയാണ്.

<u>മി. സ്പീക്കർ</u> : ശ്രീ. സി.കെ. രാജേന്ദ്രൻ അവതരിപ്പിച്ച പ്രമേയം സഭ യുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു. ഓർഡർ, ഓർഡർ .....

ഓർഡർ, ഓർഡർ ..... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലൈ മാസം 12-ാം തീയതി തിങ്കളാഴ്ച 8.30-ന് വീണ്ടും സമ്മേ ളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30 ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly